ഉത്തരം

(എ) മൊത്തം 48 എണ്ണം. സംസ്ഥാനത്ത് 2001-2004 കാലയളവിൽ അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഇവയിൽ 40 എണ്ണം സഹകാര്യമേഖലയിലും 8 എണ്ണം പൊതുമേഖലയിലുമാണ്.

ചിറ്റൂർ ഷുഗർ ഫാക്ടറി

13 [1218] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ ഷുഗർ ഫാക്ടറിയിൽ വിദേശമദ്യം ഉൽപ്പാദനത്തിനാവശ്യമായ ഇ.എൻ.എ. ഉൽപ്പാദിപ്പിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഉൽപ്പാദനം പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ചിറ്റൂർ ഷുഗർ ഫാക്ടറി ബിവറേജസ് കോർപ്പറേഷന് കൈമാറാൻ തയ്യാറാണെന്നുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ചിറ്റൂർ ഷുഗർ ഫാക്ടറിയിൽ വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ ഇ.എൻ.എ. ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നില്ല.

(ബി, സി) ഫാക്ടറിയുടെ മുനോട്ടുള്ള പ്രവർത്തനത്തെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് നൽകാൻ ഐ. ഐ. എം. കോഴിക്കോടിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിച്ചാലുടൻ ഉൽപ്പാദനം പുനരാരംഭിക്കുന്നതുൾപ്പെടെയുള്ള നടപടികളിൽ തീരുമാനം എടുക്കുന്നതാണ്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly